**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ഗുരുവായൂർ നഗരസഭ - ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) പരിശോധന - ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.പി.രാധാകൃഷ്ണനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ. (സാധാ) നം.632/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 08/03/2017.

പരാമർശം :- 1. ചീഫ് ടൗൺ പ്ലാനറുടെ (വിജിലൻസ്) 13.05.2015 തീയതിയിലെ സി.ടി.പി.(വിജ്) നം.319/15 നമ്പർ റിപ്പോർട്ടും 28.12.2016 തീയതിയിലെ സി.ടി.പി. (വിജ്) 785/16 നമ്പർ റിപ്പോർട്ടും.

2. ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.പി.രാധാകൃഷ്ണന് നൽകിയ 29.04.2016 തീയതിയിലെ തസ്വഭവ-ഇ.യു.1/436/2015-ത.സ്വ.ഭ.വ. നമ്പർ കുറ്റപത്രം.

3. കുറ്റപത്രത്തിന് ശ്രീ.പി.രാധാകൃഷ്ണൻ സമർപ്പിച്ച 24.06.2016 തീയതിയിലെ പ്രതിവാദ പത്രിക.

4. നഗരകാര്യ ഡയറക്ടറുടെ 06.09.2016 തീയതിയിലെ വി3-10675/2016 നമ്പർ കത്ത്.

**ഉത്തരവ്**

ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ഗുരുവായൂർ നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധനയിൽ 20.02.2011-ൽ Vicar, St. Marys Church, Perakam, Guruvayoor-ന് A3/479/10-11 പ്രകാരം ചർച്ച് ബിൽഡിംഗ് നിർമ്മിക്കുന്നതിന് നഗരസഭ അനുമതി നൽകുകയുണ്ടായെന്നും എന്നാൽ Plot area ഒരു ഹെക്ടറിൽ കൂടുതൽ ഉള്ളതിനാൽ രജിസ്റ്റേർഡ് ടൗൺ പ്ലാനർ-എ ആണ് drawings തയ്യാറാക്കി സമർപ്പിക്കേണ്ടതെന്നും എന്നാൽ എഞ്ചിനീയർ-എ ആണ് ആയത് തയ്യാറാക്കി സമർപ്പിച്ചിരിക്കുന്നത് എന്നും ഇത് കെ.എം.ബി.ആർ റൂൾ 151-ന്റെ ലംഘനമാണെന്നും കണ്ടെത്തുകയും കെ.എം.ബി.ആർ ലംഘനത്തോടെ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ച സെക്രട്ടറിക്കെതിരെ നടപടി സ്വീകരിക്കാൻ പരാമർശം ഒന്ന് പ്രകാരം ശുപാർശ ചെയ്യുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ അന്നത്തെ നഗരസഭാ സെക്രട്ടറിയായിരുന്ന

ശ്രീ.പി.രാധാകൃഷ്ണന് പരാമർശം രണ്ട് പ്രകാരം കുറ്റപത്രം നൽകി.

2. കുറ്റപത്രത്തിന് ശ്രീ.പി.രാധാകൃഷ്ണൻ നൽകിയ പരാമർശം മൂന്നിലെ മറുപടിയിൽ, പരാമർശിത കെട്ടിടത്തിന്റെ പ്ലാനുകളും മറ്റും വ്യക്തമായി പരിശോധിച്ച് ബിൽഡിംഗ് ഇൻസ്പെക്ടറും മുനിസിപ്പൽ എഞ്ചിനീയറും പെർമിറ്റ് നൽകാം എന്ന് ശുപാർശ ചെയ്തതനുസരിച്ചാണ് ആയത് അംഗീകരിച്ചുകൊണ്ട് പെർമിറ്റ് നൽകാൻ 10.04.2012-ന് ഉത്തരവ് നൽകിയതെന്നും, സി.റ്റി.പി.യുടെ ലേ ഔട്ട് അപ്രൂവൽ ലഭിച്ചിരുന്നുവെന്നും രജിസ്റ്റേർഡ് ടൗൺ പ്ലാനർ നിയമപരമായി ഒപ്പിട്ട പ്ലാനും drawing - ഉം തന്നെയാണ് സി.റ്റി.പി. ക്ക് ലേ ഔട്ടിന് അയച്ചുകൊടുത്തിരുന്നതെന്നും ഇതു കൂടാതെ ശ്രീ.ജോഷി.പി.ജോൺ എഞ്ചിനീയർ-എ ഗ്രേഡും പ്ലാനിൽ ഒപ്പ് വച്ചിട്ടുണ്ടെന്നും തന്നെ ശിക്ഷണ നടപടികളിൽ നിന്നും സദയം ഒഴിവാക്കണമെന്നും അപേക്ഷിച്ചു.

3. മേൽ വിഷയത്തിൽ നഗരകാര്യ ഡയറക്ടർ സമർപ്പിച്ച പരാമർശം നാലിലെ റിപ്പോർട്ടിൽ ചുവടെ ചേർക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

"ഗുരുവായൂർ നഗരസഭയിലെ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ഗുരുവായൂർ നഗരസഭയിൽ സർവ്വെ നം. 185/1, 3, 5, 6, 7, 8, 186/8, 1/29/11 സ്ഥലത്ത് ആരാധനാലയം നിർമ്മിക്കുന്നതിന് St.Marys church, Vicar സമർപ്പിച്ച അപേക്ഷ 11.03.2011-ൽ ലേ ഔട്ട് അപ്രൂവലിന് സി.റ്റി.പി.ക്ക് നൽകിയിട്ടുള്ളതും 09.06.2011-ലെ ഉത്തരവ് നം. സി.2-4241/11/d-dis പ്രകാരം സി.റ്റി.പി. യുടെ ലേ ഔട്ട് അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്. ശ്രീ. പി. രാധാകൃഷ്ണൻ തന്റെ വിശദീകരണത്തിൽ സൂചിപ്പിച്ച പ്രകാരം രാജേഷ് ആന്റണി, B-Arch, M-Planning (Housing) Town Planner-A, രജിസ്റ്റർ നം, D-971/04/05/TA യും, ജോഷി.പി.ജോൺ എഞ്ചിനീയർ-എ യും പ്ലാനിൽ ഒപ്പിട്ടതായി കാണുന്നു. ഈ പ്ലാനിൽ തന്നെയാണ് ചീഫ് ടൗൺ പ്ലാനർ ലേ ഔട്ട് അംഗീകാരം നൽകിയിട്ടുള്ളതും. സി.റ്റി.പി. വിജിലൻസ് റിപ്പോർട്ടിൽ കണ്ടെത്തിയതു പ്രകാരം രജിസ്റ്റേർഡ് ടൗൺ പ്ലാനർ-എ അല്ല drawing തയ്യാറാക്കിയതെങ്കിലും ഇതേ drawing ന്റെയും പ്ലാനിന്റെയും അടിസ്ഥാനത്തിൽ മാത്രമാണ് നഗരസഭ കെട്ടിട നിർമ്മാണ അനുമതി നൽകിയിട്ടുള്ളതും ബിൽഡിംഗ് ഇൻസ്പെക്ടർ, മുനിസിപ്പൽ എഞ്ചിനീയർ എന്നിവർ പ്ലാനുകൾ പരിശോധിച്ച് ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലും, സി.റ്റി.പി. യിൽ നിന്നും ലേ ഔട്ട് അപ്രൂവൽ ലഭിച്ചതിന്റെയും അടിസ്ഥാനത്തിലാണ് നിർമ്മാണാനുമതി നൽകിയത് എന്നതിനാൽ ശ്രീ. പി. രാധാകൃഷ്ണന്റെ മറുപടി അനുഭാവ പൂർവ്വം പരിഗണിച്ച് ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കാവുന്നതാണ്".

4. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ശ്രീ. പി. രാധാകൃഷ്ണന്റെ മറുപടിയും ന.കാ.ഡയറക്ടറുടെ ശുപാർശയും പരിഗണിച്ച് ടിയാനെതിരായ അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എസ്. മോഹൻദാസ്
ജോയിന്റ് സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം.
ചെയർമാൻ/ ചെയർപേഴ്സൺ, ഗുരുവായൂർ നഗരസഭ.
ശ്രീ. പി. രാധാകൃഷ്ണൻ, മുനിസിപ്പൽ സെക്രട്ടറി (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ.